(സി) പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല.

(ഡി) കേരളാ വാട്ടർ അതോറിറ്റി കുടിവെള്ളസ്രോതസ്സായി ഉപയോഗിക്കുന്ന ജലസംഭരണികൾ അറ്റകുറ്റപ്പണികൾ നടത്തിയും അണുവിമുക്തമാക്കിയും സംരംക്ഷിച്ചുവരുന്നു. വരൾച്ചയെ നേരിടുന്നതിനെടുത്ത ഹ്രസ്വകാല പദ്ധതികളുടെ ഭാഗമായി ഇതിനായി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ അംഗീകാരം നൽകുന്ന മുറയ്ക്ക് പൊതുകുളങ്ങളുടെയും കിണറുകളുടെയും സംരക്ഷണ നടപടികൾ ജലസേചന വകുപ്പും സ്വീകരിച്ചുവരുന്നുണ്ട്.

(ഇ) കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ വെൽ-കം-പമ്പ് ഹൗസിന്റെ പണി പൂർത്തിയായി. ട്രാൻസ്ഫോർമർ, മോട്ടോർ, പമ്പിംഗ് മെയിൻ എന്നിവയുടെ പണികൾ കഴിഞ്ഞിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിലേക്കുള്ള സർവീസ് ടാങ്കുകളുടെ പണിയും പൂർത്തിയായി. വരവൂർ പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിൻ പൂർത്തിയായിട്ടുണ്ട്. എരുമപ്പെട്ടി പഞ്ചായത്തിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പണി പൂർത്തിയായിവരുന്നു. വിതരണ ശൃംഖലയുടെ പണി 35 ശതമാനം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്.

(എഫ്) മുന്നു മാസങ്ങൾക്കുള്ളിൽ വരവൂർ, എരുമപ്പെട്ടി എന്നീ പഞ്ചായ ത്തുകളിലേക്ക് ശുദ്ധജലം ലഭ്യമാക്കിക്കൊണ്ട് ടി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

വരൾച്ചയോടനുബന്ധിച്ചുള്ള ജല ദൗർലഭ്യം

28 [191] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കഴിഞ്ഞ വരൾച്ചയോടനുബന്ധിച്ചുള്ള ജലദൗർലഭ്യത്തിന്റെ ഭാഗമായി എത്ര തടയണകൾ നിർമ്മിക്കുന്നതിനും പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിരുന്നു;

(ബി) ഇതിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ എത്ര തടയണകൾ നിർമ്മിക്കുകയും എത്ര പൊതുകുളങ്ങൾ വൃത്തിയാക്കുകയും ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) കഴക്കൂട്ടം ചെറുകിട ജലസേചന ഡിവിഷന്റെ കീഴിൽ എത്ര വർക്കു കൾക്ക് അനുമതി ലഭിക്കുവാനുണ്ട്; ഇവ ഏതൊക്കെയെന്നും ഇവയ്ക്ക് എന്ന ത്തേക്ക് അനുമതി ലഭിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 54 സ്ഥിരം തടയണകളും 49 താല്ക്കാലിക തടയണകളും നിർമ്മിക്കു ന്നതിനും 34 പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ബി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ തടയണകൾ നിർമ്മിക്കുന്നതിനും പൊതുകുളങ്ങൾ വൃത്തിയാക്കുന്നതിനും അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴക്കൂട്ടം ചെറുകിട ജലസേചന ഡിവിഷന്റെ കീഴിൽ ആനതാഴ്ച്ചിറ, തച്ചിങ്ങൾക്കുളം എന്നിവയുടെ അനുമതി ലഭിക്കുവാനുണ്ട്. ജില്ലാകളക്ടർ അദ്ധ്യക്ഷനായ സമിതിയാണ് പ്രസ്തുത വർക്കുകൾക്ക് അനുമതി നൽകേണ്ടത്.

ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കുന്ന ജലനിധി പദ്ധതി

29 [192] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ വി. കെ. ചന്ദ്രൻ:
„ എം. വി. ജയരാജൻ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടുകൂടി നടപ്പാക്കുന്ന ജലനിധി പദ്ധതിയുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകളും വീഴ്ചകളും വരുത്തിയതായി തെളിഞ്ഞ ഏജൻസികളെ നാലാം ഘട്ടത്തിലേക്കും തെരഞ്ഞെടുത്തതായി പരാതി ഉണ്ടായിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ജില്ലാ പ്രോജക്ട് ഓഫീസർമാർ ഇതു സംബന്ധമായി എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായോ;

(ഇ) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(എഫ്) ലോകബാങ്ക് സഹായം എത്രകോടി രൂപയുടേതാണ്; മൊത്തം എത്ര കോടി രൂപയുടെ പദ്ധതി ഇതിനകം നടപ്പിൽ വരുത്തുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജലനിധി പദ്ധതി കാലാകാലങ്ങളിൽ സർക്കാർ അവലോകനം ചെയ്യാറുണ്ട്.

(ബി ആന്റ് സി) ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം എന്ന സംഘടനയുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ജലനിധി പദ്ധതി നടപ്പിലാക്കുന്നത് ഗ്രാമ പഞ്ചായത്തുകൾമുഖേന യാണ്. പദ്ധതി കാലയളവിൽ ഗ്രാമ പഞ്ചായത്തുകളേയും ഗുണഭോക്തൃ സംഘങ്ങളേയും പദ്ധതി രൂപീകരിക്കാനും നിർവ്വഹിക്കാനും സഹായിക്കുകയാണ് സഹായസംഘടനകളുടെ ചുമതല.

LIBRARY ARCHIVES Kerala Legislative Assembly